# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1802 16.06.2014-ൽ മറുപടിയ്ക്ക്

## അന്യസംസ്ഥാനങ്ങളിൽ നിന്ന് അനധികൃതമായി കുട്ടികളെ കൊണ്ടുവരുന്നത് അന്വേഷണത്തിൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | അന്യസംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ അനധികൃതമായി കടത്തിക്കൊണ്ടു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അനാഥാലയങ്ങളും മറ്റും കേന്ദ്രീകരിച്ച് കുട്ടികളെ കടത്തിക്കൊണ്ട് വരുന്നത് എന്തിനാണെന്നും ഇടപാടുകാർ ആരൊക്കെയാണെന്നും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | ഇതു സംബന്ധിച്ചുള്ള അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കൂടുതൽ വിവരങ്ങൾ വെളിവാകുകയുള്ളൂ. |
| (സി) | ഇത്തരത്തിൽ കടത്തിക്കൊണ്ടു വന്ന കുട്ടികളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ;വിശദമാക്കാമോ; | (സി) | ബീഹാർ, ഝാർഖണ്ഡ് എന്നിവിടങ്ങളിൽ നിന്നും 4 വയസു മുതൽ 15 വയസുവരെയുള്ള 475 കുട്ടികളെയും, പശ്ചിമ ബംഗാളിൽ നിന്നും 7 വയസു മുതൽ 15 വയസുവരെയുള്ള 125 കുട്ടികളെയുമാണ് കടത്തി കൊണ്ടുവന്നിട്ടുള്ളത്. |
| (ഡി) | കുട്ടികളെ കടത്തിയതോ വില്പന നടത്തിയതോ അനധികൃതമായി താമസിപ്പിച്ചതോ ആയിട്ടുള്ള എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; നിലവിലുള്ള കേസുകളിൽ നാളിതുവരെ എത്ര പേർ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്; | (ഡി) | കുട്ടികളെ കടത്തിയതോ വില്പന നടത്തിയതോ അനധികൃതമായി താമസിപ്പിച്ചതോ ആയിട്ടുള്ള 13 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 31 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | അനധികൃതമായി കുട്ടികളെ താമസിപ്പിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ട കേന്ദ്രങ്ങൾ ഏതൊക്കെ നിലയിലുള്ളതാണ്; വിശദമാക്കാമോ; | (ഇ) | ജമാലിയ അറബിക് കോളേജ്, പേരയം, സ്നേഹാലയം, നോർത്ത് പരവൂർ എന്നിവിടങ്ങളിലാണ് കുട്ടികളെ അനധികൃതമായി താമസിപ്പിച്ചു വന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |
| (എഫ്) | കുട്ടികളെ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന പ്രശ്നങ്ങളെ കുറിച്ച് സമഗ്ര അന്വേഷണം നടത്താൻ തയ്യാറാകുമോ? | (എഫ്) | കുട്ടികളെ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന പ്രശ്നങ്ങളെ കുറിച്ച് സമഗ്ര അന്വേഷണം നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ